# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2570 1/04/2013 ൽ മറുപടിക്ക്

## മൃഗശാല സന്ദർശിക്കുന്ന കുട്ടികൾ

ചോദ്യം

ഉത്തരം

ശ്രീ. പാലോട് രവി എം.എൽ.എ.
ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.
ശ്രീ. വി.റ്റി. ബൽറാം എം.എൽ.എ
ശ്രീ. അൻവർ സാദത്ത് എം.എൽ.എ.

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവുംയുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മ്യൂസിയം/ മൃഗശാലകൾ സന്ദർശിക്കുന്ന കുട്ടികളുടെ നൈസർഗ്ഗീക വാസന വളർത്തുന്നതിനും ശാസ്ത്ര അറിവ് സമ്പാദിക്കുന്നതിനും സഹായിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | കുട്ടികളുടെ ആക്ടിവിറ്റി സെന്റർ എന്ന പേരിൽ 6000 സ്വയർ ഫീറ്റ് സ്ഥല വിസ്തീർണ്ണമുള്ള ഒരു 3 നിലകെട്ടിടം 12/3/2013 ന് മ്യൂസിയം മൃഗശാല വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു. ഈ കെട്ടിടത്തിന്റെ താഴത്തെ നിലയിൽ കുട്ടികൾക്കായി ഒരു ലൈബ്രറി സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്. ആവശ്യമായ ഫർണ്ണിച്ചർ ലഭ്യമാക്കിയിട്ടുണ്ട്. പുസ്തകങ്ങൾ സ്വരൂപിച്ച് കഴിഞ്ഞു. ഒന്നാമത്തെ നിലയിൽ ഒരു ത്രിമാന ചിത്ര പ്രദർശന ശാല സജ്ജമാക്കിയിട്ടുണ്ട്. 35 പേർക്ക് ഒരുമിച്ചിരുന്ന് പ്രദർശനം കാണാവുന്ന സജ്ജീകരണം ലഭ്യമായിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ്.; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ശാസ്ത്ര പുരോഗതി, സാങ്കേതികവിദ്യ, പരിസ്ഥിതി വന്യമൃഗ പരിപാലനം തുടങ്ങിയ വിഷയങ്ങൾ അടങ്ങുന്ന ത്രിമാന ചിത്രങ്ങൾ കുട്ടികൾക്ക് വിജ്ഞാനവും വിനോദവും കലർത്തി ലഭ്യമാക്കുകയാണ് ലക്ഷ്യം. ഒന്നാമത്തെ നിലയിൽ തന്നെ 50 കുട്ടികളെ ഇരുത്തി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വിഷയങ്ങളിൽ ക്ളാസ് നൽകാനുള്ള സജ്ജീകരണമുണ്ട്. മൂന്നാമത്തെ നിലയിൽ കുട്ടികളുടെ സർഗ്ഗവാസന പരിപോഷിപ്പിക്കാനായി ചിത്രരചന, പെയിന്റിങ്ങ് , കളിമൺ പ്രതിമ നിർമ്മാണം തുടങ്ങിയ സുകുമാരകലകൾ പരിപോഷിപ്പിക്കാനായുള്ള സജ്ജീകരണം ഏർപ്പെടുത്തുന്നതാണ്. ഏപ്രിൽ മാസം അവസാന വാരത്തോടുകൂടി പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ ; | (സി) | കെട്ടിട നിർമ്മാണം കോസ്റ്റ്ഫോർഡ് എന്ന ഏജൻസി ബെക്കർ മോഡലിലാണ് രൂപകൽപ്പന ചെയ്ത് നിർമ്മിച്ചിട്ടുള്ളത് . ലൈബ്രറി, ഓഫീസ് തുടങ്ങിയവ ഫർണീഷ് ചെയ്തത് ചെറുകിട വ്യവസായ വികസന കോർപ്പറേഷനാണ്. ഒന്നാം നിലയിലുള്ള ത്രിമാന ചലച്ചിത്ര പ്രദർശന ശാല സജ്ജമാക്കിയിട്ടുള്ളത് കേരള ഇലക്ട്രോണിക്ക് ഡെവലപ്പ്മെന്റ് കോർപ്പറേഷനാണ്. |
| (ഡി) | സംസ്ഥാനത്തെ എല്ലാ മ്യൂസിയം/ മൃഗശാലകളിലും പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ഡി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ